എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി

158 [1568] ശ്രീ. വർക്കല കഹാർ:
" എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ളവർക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് എമിഗ്രേഷൻ നിയമംമൂലം എന്തെല്ലാം വിധത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുന്നുണ്ട്;

(ബി) എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ഭേദഗതികൾ നിർദ്ദേശിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് എമിഗ്രേഷൻ നിയമംമൂലം കേരളീയർക്കു എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്നു പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ അംഗങ്ങളടങ്ങിയ ഒരു സമിതിയെ നിയമിക്കുന്നതിനും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) എന്തെല്ലാം ഭേദഗതികളാണ് വേണ്ടതെന്ന് തീരുമാനിക്കുന്നതിന് ബഹുമാനപ്പെട്ട മുൻ ഹൈക്കോടതി ജസ്റ്റീസ് സുകുമാരന്റെ അധ്യക്ഷതയിൽ അംബാസഡർമാർ, നിയമവിദഗ്ദ്ധർ എന്നിവർ അംഗങ്ങളായ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ്

159 [1569] ശ്രീ. എ. കെ. മണി:
" വർക്കല കഹാർ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" കെ. സി. ജോസഫ്:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly